# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2580 — 01/04/2013 ൽ മറുപടിയ്ക്ക്

## സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ

| | ചോദ്യം<br>ശ്രീ. എ.കെ. ബാലൻ | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടികജാതി സമുദായാംഗങ്ങളായ യുവജനങ്ങളെ വിദഗ്ധ തൊഴിലാളികളാക്കി മാറ്റുന്നതിനുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളായി വികസിപ്പിക്കുന്നതിന് 2012-13 ബജറ്റിൽ എത്ര തുകയാണ് അനുവദിച്ചത്; | (എ) | 2225-01-277-65-34 ശീർഷകത്തിൽ ഒരു കംപോണന്റായി പ്രസ്തുത പദ്ധതി ഉൾപ്പെടുത്തുകയും ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് സ്കീമിൽ 2225-01-800-57 ശീർഷകത്തിൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 826/2012/SCSTDD. തീയതി 06/06/2012 പ്രകാരം 220 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിൽ എത്ര തുക ചെലവാക്കി പ്രസ്തുത സെന്ററുകളിൽ എത്ര പേർക്ക് പരിശീലനം നൽകി; | (ബി) | പദ്ധതി പ്രാരംഭഘട്ടത്തിലാണ്. |
| (സി) | തൊഴിൽ പരിശീലനകേന്ദ്രങ്ങളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയത്; | (സി) | വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ. കളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി മോഡ്യുലർ എംപ്ലോയബിൾ സ്കിൽസ് (MES) പദ്ധതി പ്രകാരമുള്ള ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനായി 17 ഐ.ടി.ഐ. കൾ Vocational Training Provider (VTP) ആയി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇവിടെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ പരിശീലനം നേടിയ എത്ര പേർക്ക് തൊഴിൽ ലഭിച്ചു, എത്ര പേർ സ്വയം തൊഴിൽ കണ്ടെത്തി; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) | ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ